# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 737      28.02.2018-ൽ മറുപടിക്ക്

### തലശ്ശേരിയിൽ ഇറിഗേഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.എൻ.ഷംസീർ** | **മാത്യു.ടി തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| തലശ്ശേരിയിൽ ഇറിഗേഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇതുവരെ തീരുമാനമാകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നും, ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ ? | തലശ്ശേരിയിൽ ഇറിഗേഷൻ ഓഫീസുകൾക്കായി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി തലശ്ശേരി താലൂക്ക്, തലശ്ശേരി അംശം, വാടിക്കകം ദേശം, വാർഡ്-1, ബ്ലോക്ക്-10 ടി.എസ്-233 ൽപ്പെട്ട 0.0617 ഹെക്ടർ റവന്യൂ ഭൂമി കണ്ടെത്തുകയും ടി ഭൂമി ഇറിഗേഷൻ വകുപ്പിന് കൈമാറാവുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ 29/10/2014 ലെ എൽ-4/45601/13 നമ്പർ കത്ത് പ്രകാരം ലാൻറ് റവന്യൂ കമ്മീഷണറെ അറിയിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്തിന് 31,97,035/- രൂപ കമ്പോള വില നിശ്ചയിച്ചുകൊണ്ട് ഇറിഗേഷൻ വകുപ്പിന് കൈമാറാവുന്നതാണെന്ന് ലാൻറ് റവന്യൂ കമ്മീഷണർ 24/11/2014 ലെ എൽ.ആർ.കെ-2/45531/14 നമ്പർ കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഫണ്ട് അനുവദിക്കുന്നതിനായി ആവശ്യമായ ലാൻഡ് അക്വിസിഷൻ രേഖകൾ സഹിതം സമർപ്പിക്കാൻ (W5/33695/17, dated: 20/02/2018) ഫയൽ പ്രകാരം ചീഫ് |

എഞ്ചിനീയർ(ഐ&എ). സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തലശ്ശേരിയിൽ ഇറിഗേഷൻ ഡിവിഷൻ ഓഫീസും, സബ് ഡിവിഷൻ ഓഫീസും രണ്ട് സെക്ഷൻ ഓഫീസുകളും പ്രവർത്തിക്കുന്ന വാടക കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണുള്ളത്. ടി ഓഫീസുകൾക്കു വേണ്ടി ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്ഥലം ലഭ്യമായാലുടനെ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**